"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്-നിയോജകമണ്ഡല ആസ്തിവികസനപദ്ധതി - 2022-23 - പൊന്നാനി നിയോജകമണ്ഡലം - മാറഞ്ചേരി ഗവ: ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.2132/2024/GEDN തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-

1. 04.08.2018 ലെ സ.ഉ.(അ)നം.119/2018/ധന. ഉത്തരവ്
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11.12.2023 -ലെ ഡബ്ല്യു3/ 17962/2023/ഡിജി.ഇ നമ്പർ കത്ത്
3. സ.ഉ(സാധാ)നം.142/2024/ധന തീയതി.05.01.2024

**ഉത്തരവ്**

മലപ്പുറം മാറഞ്ചേരി ഗവ: ഹയർ സെക്കണ്ടറി സ്കൂളിന് കെട്ടിട നിർമ്മാണത്തിനു സ്ഥല പരിമിതി ഉള്ളതിനാൽ, ബഹു. പി. നന്ദകമാർ എം.എൽ.എ യു9ടെ 2023-24 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ സ്ഥലം വാങ്ങുന്നതിന് അനുവദിക്കുന്നതിനായി, ഇതിന്മേൽ ആവശ്യകത സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായി എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ, പരാമർശം (2) പ്രകാരം അറിയിക്കുകയുണ്ടായി. കുട്ടികളുടെ ബാഹുല്യം കാരണം പരിമിതമായ സ്ഥലത്ത് കുട്ടികളെ നിയന്ത്രിക്കുന്നതും, പഠനാന്തരീക്ഷം ഒരുക്കുന്നതും അധ്യാപകരെ ബുദ്ധിമുട്ടിലാക്കുന്നതിനാൽ സ്കൂളിനു വേണ്ട സ്ഥല സൗകര്യം ഒരുക്കേണ്ടത് അത്യാവശ്യമായി കാണുന്നു എന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2)മലപ്പുറം ജില്ലയിലെ പൊന്നാനി നിയോജക മണ്ഡലത്തിലെ മാറഞ്ചേരി ഗവ: ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി ഒരു ഏക്കർ സ്ഥലം വാങ്ങുന്നതിന് 2022-23 സാമ്പത്തിക വർഷത്തെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൽ നിന്നും ഒരു കോടി രൂപ അനുവദിച്ച് ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവു വരുത്തി പ്രത്യേകാനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവാകുകയുണ്ടായി.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത സാഹചര്യത്തിൽ, മലപ്പുറം ജില്ലയിലെ പൊന്നാനി നിയോജക മണ്ഡലത്തിലെ മാറഞ്ചേരി ഗവ: ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി ഒരു ഏക്കർ സ്ഥലം വാങ്ങുന്നതിന് 2022-23 സാമ്പത്തിക വർഷത്തെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൽ നിന്നും ഒരു കോടി രൂപയുടെ ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജ്യോതിലക്ഷ്മി എൽ

ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം ,തിരുവനന്തപുരം .

അക്കൗണ്ടന്റ് ജനറൽ (എ &ഇ )കേരളം ,തിരുവനന്തപുരം.

ധനകാര്യ (നോഡൽ സെന്റർ-സി) വകുപ്പ് (U.O(R) NC-C1/55/2023-FIN dated.08.01.2024)

വിവര പൊതു ജന സമ്പർക്ക(വെബ് &ന്യൂ മീഡിയ )വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ,KITE ,തിരുവനന്തപുരം (പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
V Sajitha
Date: 16-03-2024 11:54:39

സെക്ഷൻ ഓഫീസർ